**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 358** **23-07-2021 - ൽ മറുപടിയ്ക്ക്**

**വെറ്റിലപ്പാറയിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ ആതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സ് സർവ്വീസ് മെൻ കോളനി സൊസൈറ്റി വിട്ടു നൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | വെറ്റിലപ്പാറയിൽ എക്സ് സർവ്വീസ് മെൻ കോളനി വിട്ടു നൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ബി) | ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി തൃശ്ശൂർ പി.ഡബ്ല്യൂ.ഡി (ബിൽഡിംഗ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പരിഷ്കരിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ